# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -5309 — 31.10.2016 ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കുമോ; | (എ) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ, കുറ്റകൃത്യങ്ങൾ എന്നിവ കണ്ടെത്തുന്നതിനും, സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുമായി PINK POLICE MOBILE PATROLLING എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ദൈനംദിന ജീവിതത്തിൽ നേരിടേണ്ടിവരുന്ന അതിക്രമങ്ങളെ ചെറുക്കുന്നതിനുള്ള കായികവും, മാനസികവും, സാമൂഹ്യവുമായി ലളിത പ്രതിരോധ തന്ത്രങ്ങൾ അഭ്യസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്വയരക്ഷാ പരിശീലനവും നൽകി വരുന്നുണ്ട്. |
| (ബി) വനിതാ പോലീസ് ഓഫീസർമാരുടെ എണ്ണം കൂടിയാൽ വനിതകൾക്ക് എതിരായ കേസുകളിന്മേലുള്ള നടപടികളുടെ വേഗം കൂടും എന്നത് കണക്കിലെടുത്ത് കൂടുതൽ വനിതാ പോലീസ് ഓഫീസർമാരെ നിയമിക്കുമോ; | (ബി) വനിതകൾക്കെതിരായ കേസുകളിന്മേലുള്ള അന്വേഷണ നടപടികൾ വളരെ വേഗം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു വരുന്നു. ഇക്കാര്യത്തിൽ താമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനിതാ പോലീസ് ഓഫീസർമാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | എല്ലാ പോലീസ് സ്റ്റേഷനുകളിലും വിമൻ ആന്റ് ചിൽഡ്രൻ ജസ്റ്റിസ് ഓഫീസർമാരായി വനിതകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | വനിതാ ഹെൽപ്പ് ലൈൻ നമ്പറിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവല്ക്കരണം നടത്തുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ | (ഡി) | വനിതാ ഹെൽപ്പ് ലൈൻ നമ്പറിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് വനിതാ സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകൾ, കോളേജുകൾ, അംഗൻവാടികൾ, കുടുംബശ്രീ യൂണിറ്റുകൾ, എസ്.സി/എസ്.റ്റി. കോളനികൾ തുടങ്ങിയ സ്ഥലങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. കൂടാതെ ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നീ പൊതു സ്ഥലങ്ങളിലും, ബസുകളിലും, ട്രെയിനുകളിലും വനിതാ ഹെൽപ്പ് ലൈൻ നമ്പർ പ്രദർശിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ